## 1034

1 കാന്തനെ കാണുവാനാർത്തി വളരുന്നേ ഇല്ല പ്രത്യാശ മറ്റൊന്നിലും
കണ്ടാലും വേഗം ഞാൻ വന്നീടാമെന്നുര ചെയ്തപ്രിയൻ വരും നിശ്ചയം

2 പാഴ്മരുഭൂമിയിൽ ക്ലേശം സഹിക്കുകിൽ നിത്യതുറമുഖത്തെത്തും ഞാൻ
വിശ്രമിച്ചിടും ഞാൻ നിത്യകൊട്ടാരത്തിൽ നിസ്തുല്യമായ പ്രതാപത്തിൽ

3 തമ്മിൽ തമ്മിൽ കാണും ശുദ്ധന്മാർ വാനത്തിൽ
കോടി കോടി ഗണം തേജസ്സിൽ
സർവ്വാംഗസുന്ദരൻ ആകുമെൻ പ്രിയനെ കാണാമതിൽ മദ്ധ്യേ ഏഴയും-

4 ഞാൻ നിനക്കുള്ളവൾ നീയെനിക്കുള്ളവൻ ഇന്നലെയും ഇന്നുമെന്നേക്കും
കണ്ടാൽ മതിവരാ സുന്ദരരൂപനെ കൂടിക്കാണ്മാൻ വാഞ്ചയേറുന്നേ-
**C.S.M.**